## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 265

06.01.2014 -ലെ മറുപടിക്ക്

## കോഴിക്കോട് ലീഗ് ഹൗസിനു മുമ്പിലെ സംഘർഷം

| ചോദ്യം<br>ശ്രീമതി കെ.കെ. ലതിക | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കോഴിക്കോട് ലീഗ് ഹൗസിന് മുമ്പിൽ മന്ത്രിമാരെ തടയുകയും സംഘർഷം സൃഷ്ടിക്കുകയും ചെയ്ത പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ, ആർക്കെല്ലാം എതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്; പോലീസ് ബലം പ്രയോഗിച്ച് നീക്കിയ എത്ര ലീഗ് പ്രവർത്തകർ ഉണ്ടായിരുന്നു; അവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; | (എ) കോഴിക്കോട് ലീഗ് ഹൗസിന് മുമ്പിൽ മന്ത്രിമാരെ തടയുകയും സംഘർഷം സൃഷ്ടിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ 17.11.2013ൽ കോഴിക്കോട് ലീഗ് ഓഫീസിന് മുൻവശം മലപ്പുറം ജില്ലയിൽ ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള കുടുംബങ്ങൾ ഒന്നിച്ച് മന്ത്രിമാരെ കണ്ട് നിവേദനം നൽകാനെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് ബലം പ്രയോഗിച്ച് ലീഗ് പ്രവർത്തകരെ നീക്കം ചെയ്തിട്ടില്ല. |
| (ബി) പ്രസ്തുത സംഭവത്തിലേർപ്പെട്ടവർ ഏതെല്ലാം സംഘടനകളിൽപ്പെട്ടവരായിരുന്നു; വ്യക്തമാക്കാമോ? | (ബി) 17.11.2013 ൽ കോഴിക്കോട് ലീഗ് ഓഫീസിന് മുൻവശം മലപ്പുറം ജില്ലയിൽ ദേശീയ പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള കുടുംബങ്ങൾ ഒന്നിച്ച് മന്ത്രിമാരെ കണ്ട് നിവേദനം നൽകാനെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അല്ലാതെ മറ്റ് അനിഷ്ട സംഭവങ്ങളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ